പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 509 13-10-2026-ൽ മറുപടിയ്ക്ക്

കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ചെറുപ്പക്കാർ ജോലി തേടി സംസ്ഥാനം വിട്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

മറുപടി: കെ.എസ്.ഐ.ഡി.സി -യിൽ നിക്ഷേപകർക്ക് ആരംഭം മുതൽ അവസാനം വരെയുള്ള പിന്തുണ, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുള്ള സഹായം, ക്ലിയറൻസുകളുടെ സമയബന്ധിത നിരീക്ഷണം എന്നിവക്കായി ഇൻവെസ്റ്റ് കേരളം സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്/കാമ്പസ് ഇൻ പാർക്ക് എന്നിവയിലൂടെയും ചെറുപ്പക്കാർ ജോലി തേടി സംസ്ഥാനം വിട്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. ഇത് കൂടാതെ കെ.എസ്.ഐ.ഡി.സി മുഖേന ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ 60 കോടി രൂപ വരെ വായ്പയായി നൽകി വരുന്നു.

ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, ആരോഗ്യരംഗം, ജൈവസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ലോജിസ്റ്റിക്സ്, വിനോദസഞ്ചാരം, നവീന സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ നിക്ഷേപ സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നു.

നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഭൂമി, സാമ്പത്തിക സഹായം, അനുമതികൾ എന്നിവ ലഭ്യമാക്കുന്നതിനും വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്.

കൂടാതെ, കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ഫുഡ് പ്രോസസ്സിംഗ്, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, ഇലക്ട്രോണിക്സ്, ഐ.ടി./ഐ.ടി. അനുബന്ധ മേഖലകൾ, മെഡിക്കൽ, ഫാർമസ്യൂട്ടിക്കൽസ്, എഞ്ചിനീയറിംഗ്, ലോജിസ്റ്റിക്സ്, പെട്രോകെമിക്കൽസ് തുടങ്ങിയ മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ഒരാഴ്ചക്കകം നല്കുന്നതിന് കുറ്റമറ്റ ഏകജാലക സംവിധാനം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: നിലവിലെ ഏകജാലക സംവിധാനത്തിൽ, സംസ്ഥാന, ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകൾക്ക് ലൈസൻസുകളും അനുമതികളും ക്ലിയറൻസുകളും നൽകുന്നതിനുള്ള നിയമപരമായ അധികാരം നിക്ഷിപ്തമാണെങ്കിലും, ഈ അധികാരം പ്രായോഗികമായി പൂർണ്ണതോതിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല.

ഇത് പരിഹരിക്കുന്നതിനായി, സാങ്കേതിക പരിശോധനയും അന്തിമ അനുമതി നൽകലും വേർതിരിച്ചുകൊണ്ടുള്ള 'ഒരു സംസ്ഥാനം – ഒരു അനുമതി – ഒരു രേഖ' (One-State-One-Approval-One-Document) എന്ന സംവിധാനവും, അതിനായുള്ള ഏക നിയമാധിഷ്ഠിത അതോറിറ്റിയായ 'സരൾ കേരളം' എന്നൊരു പുതിയ പദ്ധതിയ്ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ഈ സംവിധാനത്തിൽ, 50 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല സമിതിയും, 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെയുള്ളവയിൽ ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതിയും അന്തിമ തീരുമാനം കൈക്കൊള്ളും. അപേക്ഷകളുമായി ബന്ധപ്പെട്ട സാങ്കേതിക പരിശോധന ബന്ധപ്പെട്ട വകുപ്പുകൾ തന്നെ തുടർന്നും നിർവ്വഹിക്കും. പൊതു ഓൺലൈൻ പോർട്ടലിലൂടെ ഒറ്റ അപേക്ഷ സമർപ്പിച്ച്, ഓരോ ഘട്ടത്തിനും നിശ്ചിത സമയപരിധി ഏർപ്പെടുത്തി, പരമാവധി 75 ദിവസത്തിനുള്ളിൽ ഒറ്റ ഇന്റഗ്രേറ്റഡ് എന്റർപ്രൈസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന വിധത്തിലാണ് പ്രസ്തുത സംവിധാനം വിഭാവനം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ, ഒന്നിലധികം ക്ലിയറൻസുകളുടെ പുതുക്കലിന് ഒറ്റ സംയുക്ത അപേക്ഷ, നേരത്തെ സമർപ്പിച്ച രേഖകൾ വീണ്ടും ആവശ്യപ്പെടാത്ത സംവിധാനം, കമ്മിറ്റികളുടെ തീരുമാനങ്ങൾക്കെതിരായ അപ്പീൽ സംവിധാനം, കാലതാമസത്തിനും കൃത്യവിലോപത്തിനുമെതിരെ ഉദ്യോഗസ്ഥ ഉത്തരവാദിത്വം ഉറപ്പാക്കുന്ന വ്യവസ്ഥകൾ എന്നിവയും ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 25 കോടിയ്ക്ക് താഴെയുള്ള നിക്ഷേപങ്ങൾക്ക് നിലവിലുള്ള ജില്ലാതല സംവിധാനം തുടരും. K-SWIFT portal ഇതിന് സഹായകരമാകുന്ന online portal ആയി പ്രവർത്തിക്കുന്നു.

(സി) നിലവിലുള്ള വ്യവസായ സംരംഭങ്ങളെയും പുതിയ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിലുള്ള 2023 -ലെ വ്യവസായ നയത്തിന്റെ തുടർച്ചയായി പുതുക്കിയ ഇൻസെന്റീവുകൾ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ വ്യവസായം പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ